ഭൂമാഫിയകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി

232 (1289) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമാഫിയകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചത് ;

(സി) ഇങ്ങനെ പിടിച്ചെടുത്ത ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1957-ലെ കേരള സംരക്ഷണ നിയമം, 2009-ലെ കേരള ഭൂ സംരക്ഷണ (ഭേദഗതി) നിയമപ്രകാരം സർക്കാർ ഭൂമി സംരക്ഷണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ വിവിധ താലൂക്കുകളിലായി 48 ഭൂ സംരക്ഷണ നിയമപ്രകാരമുള്ള കേസുകൾക്ക് നടപടി സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം ജില്ലയിൽ 2.85 ഏക്കർ ഭൂമിയും പത്തനംതിട്ട ജില്ലയിൽ 2 ഹെക്ടർ ഭൂമിയും ഇടുക്കി ജില്ലയിൽ തർക്കവിഷയമല്ലാത്ത എല്ലാ ഭൂമിയും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, വയനാട്, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ NIL റിപ്പോർട്ടും ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപടി സ്വീകരിച്ചു വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

233 (1290) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻകീഴിൽ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ;

(ബി) അപേക്ഷിച്ചവരിൽ എത്ര പേർക്ക് ഇതിനകം ഭൂമി നൽകുകയുണ്ടായി ; സർക്കാർ നൽകിയ ഭൂമിയിൽ വീട് വച്ച് താമസം നടത്തിയവർ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly